**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **12-09-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടിയിൽ റൂസ മോഡൽ ഡിഗ്രി കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടിയിൽ അനുവദിച്ച റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | റൂസ-2 സ്കീമിൽ ഉൾപ്പെടുത്തി വയനാട് ജില്ല മാനന്തവാടി താലൂക്കിൽ പെരിയ വില്ലേജിൽ ഒരു മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കേന്ദ്ര-സംസ്ഥാന വിഹിതമായി (60 : 40) അനുവദിച്ചിട്ടുള്ള 12 കോടി രൂപയിൽ 6 കോടി രൂപ റൂസയ്ക്ക് ലഭ്യമായിട്ടുണ്ട്. കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബഹു. എം.എൽ.എ യുടെ ആവശ്യപ്രകാരം 16/02/2023-ൽ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | റൂസ മോഡൽ ഡിഗ്രികോളേജിൽ ചുവടെ ചേർത്തിരിക്കുന്ന കോഴ്സുകൾ ആരംഭിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br>(i) BSc Psychology<br>(ii) BSc Geology<br>(iii) BA Malayalam<br>(iv) B.Com Co-operation<br>(v) BSc Food Technology<br>(vi) Bachelor of Travel and Tourism Management(BTTM)<br>(vii) Bachelor of Business Administration<br>(viii) MSW |
| (സി) | പ്രസ്തുത കോളേജിന്റെ പ്രവർത്തനം താൽക്കാലികമായി തുടങ്ങാൻ കഴിയുമോ; | (സി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ